# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.197 — 04/10/2016-ൽ മറുപടിക്ക്

## ഡീപ്പ് ഇ-ബിഡ്ഡിംഗ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീമതി.ഗീതാ ഗോപി<br>ശ്രീ.മുഹമ്മദ് മുഹസിൻ.പി | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | ഡീപ്പ് (Discovery of Efficient Electricity Price) ഇ-ബിഡ്ഡിംഗ് പ്രകാരം സംസ്ഥാനം വൈദ്യുതി വാങ്ങുന്നുണ്ടോ എന്ന് അറിയിക്കുമോ; | (എ) | ഇന്ത്യാ ഗവൺമെന്റിന്റെ കീഴിലുള്ള ഊർജ്ജ മന്ത്രാലയം 30.03.2016-ൽ പുറപ്പെടുവിച്ച 23/25/2011-R&R നമ്പർ ഉത്തരവിലെ നിബന്ധനകൾക്ക് അനുസൃതമായി 2016 മേയ് മാസത്തിൽ ഡീപ്പ് ഇ-ബിഡ്ഡിംഗ് പോർട്ടൽ വഴി വൈദ്യുതി വാങ്ങിച്ചിട്ടുണ്ട്. |
| (ബി) | ഈ സംവിധാനം മുഖാന്തിരം വൈദ്യുതി വാങ്ങുന്നത് സംസ്ഥാനത്തിന് എത്രമാത്രം ഗുണകരമാണെന്ന് വിശദീകരിക്കുമോ; | (ബി) | ഡീപ്പ് ഇ-ബിഡ്ഡിംഗ് പോർട്ടൽ മുഖാന്തിരം വൈദ്യുതി വാങ്ങുമ്പോൾ ഇനീഷ്യൽ പ്രൈസ് ഓഫർ, ഇ റിവേഴ്സ് ഓക്ഷൻ എന്നീ രണ്ടു ഘട്ടങ്ങളിലായി ബിഡ്ഡർമാർ മൽസര ബുദ്ധിയോടെ ലേലത്തിൽ പങ്കെടുക്കുകയും തൻമൂലം പരമാവധി വില കുറച്ച് വൈദ്യുതി വാങ്ങാനുള്ള അവസരം വന്നു ചേരുകയും ചെയ്യുന്നു. ഇത്തരത്തിൽ യൂണിറ്റിന് ശരാശരി 3.24 രൂപയ്ക്ക് വൈദ്യുതി ലഭിക്കുകയുണ്ടായി. മറ്റ് ഹ്രസ്യകാല കരാറുകളുമായി താരതമ്യം ചെയ്യുമ്പോൾ ഈ നിരക്ക് വളരെ കുറവാണ്. |
| (സി) | ഡീപ്പ് ഇ-ബിഡ്ഡിംഗ് പ്രകാരം എത്ര യൂണിറ്റ് വൈദ്യുതിയാണ് ഈ വർഷം വാങ്ങിയത്; ഇതിന്റെ ശരാശരി | (സി) | ഇപ്രകാരം 05.05.2016 മുതൽ 31.05.2016 വരെയുള്ള ഹ്രസ്വകാലത്തേയ്ക്ക് വൈദ്യുതി വാങ്ങുന്നതിനുള്ള കരാറിൽ ഏർപ്പെടുകയും 28.6208 |

| | | | |
|---|---|---|---|
| | നിരക്ക് എത്രയാണെന്ന് വ്യക്ത മാക്കുമോ? | | മില്ല്യൺ യൂണിറ്റ് വൈദ്യുതി വാങ്ങുകയും ചെയ്തു.<br><br>ഇതിന്റെ ശരാശരി നിരക്ക് (വെയിറ്റഡ് ആവറേജ്) യൂണിറ്റിന് 3.24 രൂപ ആണ്). |

സെക്ഷൻ ഓഫീസർ